## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3017** **22-06-2012 - ലെ മറുപടിയ്ക്ക്**

## കൊപ്ര സംഭരണം ഫലപ്രദമായി നടപ്പാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | കൊപ്ര സംഭരണം ഫലപ്രദമായി നടപ്പാക്കാൻ നാഫെഡിനും കേരഫെഡിനും കഴിയാത്തതിനാൽ നാളികേര കർഷകർ കടുത്ത പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | നാളികേരത്തിന് ഏറ്റവും കൂടുതൽ വിളവ് ലഭിക്കുന്നത് ഫെബ്രുവരി മുതൽ മേയ് മാസം വരെയായതിനാൽ ഈ കാലയളവിൽ നാഫെഡ് എത്ര ക്വിന്റൽ കൊപ്ര സംഭരിച്ചു എന്നും ക്വിന്റലിന് എത്ര രൂപ നിരക്കിൽ കർഷകന് ലഭിച്ചു എന്നും വ്യക്തമാക്കാമോ ; | (ബി) | ക്വിന്റലിന് 5100 രൂപ നിരക്കിൽ മെയ് മാസം 31 വരെ മാർക്കറ്റ് ഫെഡ് 676 ടൺ മില്ലിംഗ് കൊപ്ര സംഭരിച്ചിട്ടുണ്ട്. ക്വിന്റലിന് 5100 രൂപ നിരക്കിൽ കേരഫെഡ് മുഖാന്തിരം മെയ് 31 വരെ 930.8 ടൺ മില്ലിംഗ് കൊപ്രയും 5350 രൂപ നിരക്കിൽ 1.9 ടൺ ഉണ്ട കൊപ്രയും സംഭരിച്ചിട്ടുണ്ട്. |
| (സി) | കേരഫെഡിന് എത്ര ജില്ലകളിൽ നിന്നും കൊപ്ര സംഭരിക്കാൻ കഴിഞ്ഞുവെന്നും എത്ര ടൺ കൊപ്ര സംഭരിച്ചുവെന്നും എത്ര രൂപ നിരക്കിൽ സംഭരിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ ? | (സി) | കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, ആലപ്പുഴ എന്നീ ഏഴ് ജില്ലകളിൽ നിന്ന് 15-06-2012 വരെ ക്വിന്റലിന് 5100 രൂപ നിരക്കിൽ 17506 ക്വിന്റൽ മില്ലിംഗ് കൊപ്രയും ക്വിന്റലിന് 5350 രൂപ നിരക്കിൽ 19 ക്വിന്റൽ ഉണ്ട കൊപ്രയും സംഭരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**